
ഡിജിറ്റൽ മാഗസിൻ
കടൽത്തീരം
പള്ളിത്തുറ. എച്ച്. എസ്. എസ്

# ***WELCOME***



# പള്ളിത്തുറ എച്ച്.എസ്.എസ്

| | |
|---|---|
| സ്ഥാപിതം | 1964 |
| സ്കൂൾ കോഡ് | 43010 |
| ഹയർ സെക്കൻഡറി സ്കൂൾ കോഡ് | 01055 |
| സ്ഥലം | പള്ളിത്തുറ |
| സ്കൂൾ വിലാസം | പള്ളിത്തുറ എച്ച്എസ്എസ് |
| പിൻകോഡ് | 69 5586 |
| സ്കൂൾ ഫോൺ | 04712706404 |
| സ്കൂൾ ഇമെയിൽ | pallithurahss@gmail.com |
| വിദ്യാഭ്യാസ ജില്ല | തിരുവനന്തപുരം |

| | |
|---|---|
| ഉപജില്ല | കണിയാപുരം |
| ഭരണവിഭാഗം | എയ്ഡഡ് സ്കൂൾ |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി. |
| മാധ്യമം | മലയാളം, ഇംഗ്ലീഷ് |
| പെൺകുട്ടികളുടെ എണ്ണം | 616 |
| ആൺ കുട്ടികളുടെ എണ്ണം | 660 |
| ആകെ വിദ്യാർഥികളുടെ എണ്ണം | 1276 |
| അധ്യാപകരുടെ എണ്ണം | 54 |
| അനദ്ധ്യാപകരുടെ എണ്ണം | 7 |

| | |
|---|---|
| പ്രിൻസിപ്പാൾ | കനകദാസ് എ |
| പ്രധാന അധ്യാപിക | റീന ലൂയിസ് |
| പി.ടി.എ. പ്രസിഡന്റ് | ബോണിഫസ് |

# സന്ദേശം



പള്ളിത്തുറ ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും കടൽത്തീരം എന്ന പേരിൽ ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു കഴിഞ്ഞ വർഷത്തെ ഈ വിദ്യാലയത്തിന് ആഹ്ലാദകരമായ വിവിധ സന്ദർഭങ്ങളും സംഭവങ്ങളും ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന ഈ മാഗസിൻ ഏവർക്കും സ്കൂളിനെക്കുറിച്ചുള്ള അറിവുപകരുന്ന ഒരു പ്രസിദ്ധീകരണം ആയിരിക്കും എന്ന് ഞാൻ കരുതുന്നു. അതോടൊപ്പം വിദ്യാർത്ഥികളുടെ സർവ്വ സൃഷ്ടികളും അധ്യാപകരുടെയും വിദ്യാർഥികളുടെയും കഥകളും കവിതകളും ചിത്രങ്ങളും, പ്രസിദ്ധീകരണത്തിലൂടെ ലഭ്യമാകുവാൻ സാധിക്കും എന്ന് ഞാൻ കരുതുന്നു. മൂല്യബോധമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രഥമമായ

ലക്ഷ്യം. അത് കൈവരിക്കാൻ ആയാൽ ഉത്തരവാദിത്വമുള്ള ഒരു തലമുറയെ സൃഷ്ടിക്കാനാകും.ഇത് മനസ്സിലാക്കി ആകണം അധ്യയനവും അധ്യാപനവും. പാഠഭാഗങ്ങൾ അഭ്യസിക്കുന്ന തോടൊപ്പം ധാർമികബോധവും അഭ്യസിപ്പിച്ച ദൈവ സ്നേഹവും രാജ്യസ്നേഹവും ഉള്ള പൗരന്മാരാക്കി നമ്മുടെ വിദ്യാർത്ഥികളെ വളർത്തിയെടുക്കുവാൻ പരിശ്രമിക്കണം ഈ അവസരത്തിൽ ഈ വിദ്യാലയത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് നേതൃത്വം നൽകുന്ന എല്ലാവരെയും ഞാൻ എന്റെ ആശംസകൾ അറിയിക്കുന്നു ദൈവം നിങ്ങളെ ഏവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ

റീന ലൂയിസ്

# പള്ളിത്തുറ സ്കൂൾ ഒരു ലഘു ചരിത്രം

സാംസ്കാരിക മായി യാതൊരു ഉന്നമനവും എത്താത്ത പാവപ്പെട്ട മത്സ്യ തൊഴിലാളികൾ തിങ്ങിപാർക്കുന്ന മേഘലയായിരുന്നു പള്ളി തുറന്ന് ഗ്രാം. ആദ്യകാലത്ത് ഇടവക പള്ളിയുടെ നേതൃത്വത്തിൽ ആയിരുന്നു സ്കൂൾ പ്രവർത്തിച്ചിരുന്നത്. ക്രിസ്ത്യൻ മിഷനറി മാരായിരുന്നു ഇവിടെ സ്കൂളുകൾ സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തിരുന്നത്.
വില്യം ബെൻടിക് പ്രഭുവിന്റെ കാലത്തു 1866 ഇൽ ഒന്നും രണ്ടും ക്ലാസുകൾ ഒരു ഓല ഷെഡ്ഡിലാണ് ആരംഭിച്ചത്. ശ്രീമൂലം തിരുനാളിന്റെ കാലത്ത് 1902 ഇൽ ഇതിനെ നാലാം ക്ലാസ് ആയി ഉയർത്തി. 1962 മെയ് മാസം ഈ സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തി. ഇതിന്റെ ശിലാസ്ഥാപനം നിർവഹിച്ചിരുന്നത് ഭാഗ്യസ്മരണാർഹനായ ഫാദർ ജോസഫ് ആയിരുന്നു ക്രിസ്ത്യൻ സ്ഥാപനം ആണെങ്കിലും എല്ലാ മതത്തിലും പെട്ട വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. 1962 ഐഎസ്ആർഒ സ്ഥാപിതമായ പ്പോൾ ഇതിനായി ബിഷപ്പ് പീറ്റർ ബർണാഡ്

പെരേര സ്ഥലം കൈമാറിയത് പരക്കെ പ്രശംസിക്കപ്പെട്ടു. തുടർന്ന് പള്ളിതുറയിലെ ഒരു വിഭാഗം ആളുകള കുടിയൊഴിപ്പിക്കുകയും ചെയ്തു. ഇതിന് നഷ്ടപരിഹാരമായി അന്നത്തെ ജില്ലാ കളക്ടറായിരുന്ന ശ്രീ. കെ മാധവൻ നായർ സ്കൂളിനെ ഒരു ഹൈസ്കൂൾആയി ഉയർത്താനുള്ള അനുമതി നൽകി. തുടർന്ന് 1964 ഇൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. അന്നത്തെ മുഖ്യമന്ത്രി  ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ നിർദ്ദേശപ്രകാരമാണ് ഈ ഈ സ്കൂളിന് പള്ളിത്തുറ എച്ച്എസ് എന്ന പേര് ലഭിച്ചത്.

കൊച്ചി രൂപതയുടെ കീഴിലായിരുന്ന ഈ വിദ്യാലയം 1961 തിരുവനന്തപുരം രൂപതയുടെ ഭാഗമായിമാറി.

1998 ഇൽ ഈ സ്കൂൾ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു. തുടർന്ന് അനുവദിക്കപ്പെട്ട 2 സയൻസ് ബാച്ചും ഒരു ഹ്യൂമനിസ്റ്റ് ബാച്ചും ആരംഭിച്ചു. 2006 മാർച്ച് 31 വരെ ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും ഹെഡ് ഒരാൾ തന്നെയായിരുന്നു. എന്നാൽ 2006 ഏപ്രിൽ 2 മുതൽ സർക്കാർ ഉത്തരവ് പ്രകാരം

ഇവിടെ രണ്ടു സംവിധാനങ്ങൾ ആക്കി തിരിച്ചു രണ്ട് ഹെഡ്മാസ്റ്റ് കളുടെ മേൽനോട്ടത്തിൽ ആക്കി. മെച്ചപ്പെട്ടതും ആകർഷകവുമായ പുതിയ കെട്ടിടങ്ങളുടെ സ്കൂളിന്റെ ഭൗതികസാഹചര്യം വിപുല മാക്കിക്കൊണ്ട് 2015 സുവർണ ജൂബിലി ആഘോഷിച്ചു. തദവസരത്തിൽ വിശിഷ്ടാതിഥിയായി എത്തിയ മുൻ രാഷ്ട്രപതി ശ്രീ എപിജെ അബ്ദുൽ കലാം വി എസ് എസ് സി യുടെ സഹായത്തോടെ പണിതുയർത്തിയ പുതിയ എച്. എസ് . എസ് ബ്ലോക്ക് ഉദ്ഘാടനം ചെയ്തു. ജൂബിലി സ്മാരകമായി സ്കൂളിന്റെ പ്രധാനകവാടം ആകർഷകമാക്കി. ആധുനിക സൗകര്യങ്ങളോടു കൂടിയ സയൻസ് ലാബ്, പബ്ലിക് ലാബ്, അഡ്രസ് സിസ്റ്റം, മൾട്ടിമീഡിയ ലാബ് സിസിടിവി സ്മാർട്ട് ക്ലാസ് റൂം, എന്നിവയടങ്ങുന്ന പുതിയ ബ്ലോക്ക് കലാം സാറിന്റെ പേരിലാണ് അറിയപ്പെടുന്നത്. അതോടൊപ്പം തന്നെ ഇതിനു നേതൃത്വം നൽകിയ ഇടവക വികാരി ഫാദർ ഡോൺബോസ്കോ ജെ ഇടവക കൗൺസിൽ, നിർമ്മാണ സമിതി അംഗങ്ങൾ, എന്നിവരുടെ നിസ്തുലമായ സേവനം ഏറെ പ്രശംസനീയമാണ്. ഇടവക ജനങ്ങൾ, ഇടവക വികാരി റവ ഫാദർ ജെറോം അൽഫോൻസ് സ്കൂൾ അധ്യാപകർ അനദ്ധ്യാപകർ പിടിഎ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സേവനങ്ങളും നന്ദിയോടെ സ്മരിക്കുന്ന

രണ്ട് ഡിവിഷനും ആയാണ് ഹൈസ്കൂൾ ആരംഭിച്ചത്. ഇപ്പോൾ എൽപി 4 യുപി 9 ഹൈസ്കൂൾ 11 ഹയർസെക്കൻഡറി 6 എന്നീ ക്രമത്തിൽ ഡിവിഷനുകളുമുണ്ട്. ഏകദേശം 1200 കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. 2000 2001 കാലഘട്ടത്തിൽ പള്ളിത്തുറ ഗ്രാമം തിരുവനന്തപുരം നഗരസഭയുടെ ഒന്നാം വാർഡ് ആക്കുകയും അങ്ങനെ പള്ളിത്തുറ സ്കൂൾ ഒരു സിറ്റി സ്കൂളായി മാറുകയും. തുടക്കത്തിൽ എസ്എസ്എൽസിക്ക് അഞ്ച് ശതമാനം വിജയം മാത്രമായിരുന്നു സ്കൂൾ വളരെ ചുരുങ്ങിയ കാലം കൊണ്ടു തന്നെ 100 ശതമാനംവരെ വിജയം കൈവരിക്കുകയും ചെയ്തു ഉ വിജയം. 2003 ഒരു തിരുവനന്തപുരം ജില്ലയിൽ പ്ലസ് ടു വിഭാഗത്തിൽ ഏറ്റവും കൂടുതൽ വിജയം നേടിയത് പള്ളിത്തുറ സ്കൂളാണ്. കഴിഞ്ഞ ഏഴ് വർഷമായി തുടർച്ചയായി ശ്രുപത കോർപ്പറേറ്റ് സ്കൂളിൽ ഒന്നാം സ്ഥാനം നിലനിർത്തി വരുന്നു.

ഈ സ്കൂൾ പാഠ്യ വിഷയങ്ങളിൽ മാത്രമല്ല പാഠ്യേതര വിഷയങ്ങളിലും വളരെയധികം മികവു പുലർത്തി വരുന്നുണ്ട് സാഹിത്യസമാജം ഹെൽത്ത് ക്ലബ് ഹൗസ് സിസ്റ്റം വിദ്യാരംഗം കലാസാഹിത്യവേദി ഗാന്ധിദർശൻ എന്നിവ സ്കൂൾ അന്തരീക്ഷത്തിൽ ആരോഗ്യകരമായ മത്സരബുദ്ധി ജനിപ്പിച്ചു. യുവജനോത്സവം സ്കൂൾ ആനിവേഴ്സറി

കലാ കായിക മേള എന്നിവ സംഘടിപ്പിച്ച കൊണ്ട് സ്കൂളിന് സംസ്ഥാന തലത്തിൽ വരെ വ്യാപിപ്പിച്ചു. കായിക മേഖലയിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ പള്ളിത്തുറ സ്കൂളിൽ സാധിച്ചു. തുടർച്ചയായി ജൂനിയർ ചാമ്പ്യൻഷിപ്പിൽ കിരീടം നേടി കൊണ്ടിരുന്നു.

അച്ചടക്കവും ഗുണമേൻമയുള്ള വിദ്യാഭ്യാസം വഴി സാമൂഹികപ്രതിബദ്ധതയുള്ള മൂല്യബോധമുള്ള നല്ല പൗരന്മാരെ വാർത്തെടുക്കുവാൻ പള്ളിത്തുറ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രാർത്ഥനകളും വീണ്ടും പ്രതീക്ഷിക്കുന്നു.

# ക്ലബ്ബുകൾ

1. ലിറ്റിൽ കൈറ്റ്സ്
2. ഗ്രന്ഥശാല
3. ജൂനിയർ റെഡ് ക്രോസ്
4. വിദ്യാരംഗം
5. ഇംഗ്ലീഷ് ക്ലബ്
6. സോഷ്യൽ സയൻസ് ക്ലബ്ബ്
7. സയൻസ് ക്ലബ്
8. ഗണിത ക്ലബ്
9. പരിസ്ഥിതി ക്ലബ്
10. ആർട്സ് ക്ലബ്
11. ടൂറിസം ക്ലബ്

## ഭൗതികസൗകര്യങ്ങൾ

1. ഹൈടെക് ക്ലാസ് മുറികൾ
2. ലൈബ്രറിയും റീഡിംഗ് റൂമും
3. പത്രങ്ങൾ
4. ലാബുകൾ
5. ഇന്റർനെറ്റ് സംവിധാനത്തോടു കൂടിയ കമ്പ്യൂട്ടർ ലാബുകൾ

## പാഠ്യേതര പ്രവർത്തനങ്ങൾ

1. മികവുത്സവം
2. ഹെൽപ്പ് ഡെസ്ക്
3. യോഗ
4. വിനോദത്തിലൂടെ വിജ്ഞാനം

5. ശലഭപാർക്ക്
6. സ്കൂൾ ബസുകൾ

## പത്രങ്ങൾ

1. മലയാള മനോരമ ദിനപത്രം
2. മാതൃഭൂമി ദിനപത്രം
3 ദേശാഭിമാനി
4. കേരളകൗമുദി
5. മംഗളം

## ലാബുകൾ

കുട്ടികളുടെ പഠന സംബന്ധമായ എല്ലാ ശാസ്ത്ര-സാങ്കേതിക വിഷയങ്ങളുമായി ബന്ധപ്പെട്ട് ആധുനിക സജ്ജീകരണങ്ങളോട്ടു കൂടിയ ലാബുകളൾ ഇവിടെ

പ്രവർത്തിക്കുന്നു.

ഇന്റർനെറ്റ് സംവിധാനത്തോടു കൂടിയ കമ്പ്യൂട്ടർ ലാബുകൾഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഐടി കേന്ദ്രീകൃതമായ വിദ്യാഭ്യാസം നേടുന്നതിന് ഉപയുക്തമായ കമ്പ്യൂട്ടർ ലാബുകൾ പ്രവർത്തിച്ചുവരുന്നു. എൽ.സി.ഡി. പ്രൊജക്റ്റർ, ലൈബ്രറി, ടി മീഡിയ സൗകര്യങ്ങൾ എന്നിവയിലൂടെ പഠനം കാര്യക്ഷമമാക്കുന്നു.

# അക്കാദമിക പ്രവർത്തനങ്ങൾ

## ക്ലാസ് ലൈബ്രറി



ഓരോ ക്ലാസുകളിലും ക്ലാസ് ലൈബ്രറി പ്രവർത്തിക്കുന്നു ലൈബ്രറി ആൻഡ് റീഡിങ് റൂം വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിയ അയ്യായിരത്തിലേറെ പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറി. കുട്ടികൾക്ക് പുസ്തകങ്ങ എടുക്കുന്നതിനും വായിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിരിക്കു.

# ഹലോ ഇംഗ്ലീഷ്

പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുന്നതിന്റെ ഭാഗമായി സമഗ്ര ശിക്ഷാ അഭിയാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പഠന പരിപോഷണ പരിപാടിയാണ് ഹലോഇംഗ്ലീഷ്. ഒന്നു മുതൽ 10 വരെ ക്ലാസുകളിൽ ആയി കുട്ടികൾക്ക് ഇംഗ്ലീഷ് പഠനം ആസ്വാദ്യകരമാക്കാൻ വേണ്ടി ഹലോ ഇംഗ്ലീഷ് എന്ന പേരിൽ ക്ലാസുകൾ നടത്തുന്നു. ഇംഗ്ലീഷിൽ കഥകളും പാട്ടുകളും കുട്ടി കവിതകളും ഒക്കെ പഠിപ്പിച്ചു അതിനോടൊപ്പം ആടാനും പാടാനും അവരെ പ്രാപ്തരാക്കുന്നു. കൊച്ചുകൊച്ചു ഇംഗ്ലീഷ് വാക്കുകളിലൂടെ ഇംഗ്ലീഷിൽ സംസാരിക്കുവനും ആശയ വിനിമയം നടത്തുവാനും കുട്ടികളിൽ ശേഷി വളർത്തുന്നു. ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യാൻ കുട്ടികളെപ്രാപ്തരാക്കുന്ന തിനുള്ള ചിട്ടയായ പ്രവർത്തനങ്ങൾ ആണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് പഠനം ശാക്തീകരിക്കുന്നതിനുള്ള പൊതുവിദ്യാലയങ്ങളുടെ നിർണായകമായ ചുവടുവയ്പ്പാണ് ഹലോ ഇംഗ്ലീഷ്. പള്ളിത്തുറ ഹയർ സെക്കൻഡറി സ്കൂളിലും ഹലോ ഇംഗ്ലീഷ് പ്രോഗ്രാം വളരെ വിജയകരമായി നടക്കുന്നു.

ഇംഗ്ലീഷ് പഠനം വളരെരസകരമാക്കി തീർക്കുവാനും പലവിധ ആക്ടിവിറ്റി കളിലൂടെ ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടാനും കുട്ടികളെ സഹായിക്കുവാൻ ഇത് ഏറെ പ്രയോജനപ്പെടുന്നു

ശ്രദ്ധ

ശ്രദ്ധ മികവിലേക്ക് ഒരു ചുവടുവെയ്പ്. പദ്ധതിയുടെ ഭാഗമായ പഠനപ്രവർത്തനങ്ങൾ യുപി, എച്ച്എസ്, തലങ്ങളിൽ ഓരോ വിഷയങ്ങളും കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നുണ്ട്. ഭൂരിഭാഗം കുട്ടികളും ഈ പദ്ധതിയിലൂടെ മികവിലേക്ക് കടന്നുവരുന്നുണ്ട്. ആത്മവിശ്വാസത്തോടെ മുന്നോട്ടു വരുവാനും സ്വന്തം കഴിവുകൾ പ്രകടിപ്പിക്കുവാനും അവർക്ക് സാധിക്കുന്നു. ഞങ്ങളുടെ സ്കൂളിലെ ശ്രദ്ധ പ്രോഗ്രാം വിജയകരമായി മുന്നോട്ടു പോകുന്നു. കുട്ടികളിലെ ആത്മവിശ്വാസം വളർത്താൻ സാധിച്ചു എന്നതാണ് ഏറ്റവും വലിയ വിജയം. മുന്നോക്കം നിൽക്കുന്ന കുട്ടികളെ വേഗം ശ്രദ്ധിക്കുന്നതിനാൽ

മടിക്കൂടാതെ അവർ ക്ലാസ്സിൽ വരുന്നതിനും സ്വന്തം ക്ലാസ് പ്രവർത്തനങ്ങൾ ചെയ്യുന്നതിനും അവർക്ക് കഴിയുന്നുണ്ട്.

മലയാളത്തിളക്കം

നവകേരളസൃഷ്ടി ലക്ഷ്യമിട്ട നടത്തുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമാണ് ഇത്. ചെറിയ ശതമാനം വിദ്യാർത്ഥികൾ എഴുതുവാനും വായിക്കുവാനും പ്രശ്നം നേരിടുന്നവർ ഉണ്ട്. ആസ്വദിച്ച് ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളും ശിശുകേന്ദ്രീകൃത സമീപനം ഉന്നത രൂപത്തിൽ പ്രയോഗിക്കുന്ന അധ്യാപകരും വ്യക്തിഗത പിന്തുണയും നിരന്തര വിലയിരുത്തലും സൂക്ഷ്മമായ പഠനാ സൂത്രവും അനുക്രമമായ വികാസവും ഫീഡ്ബാക്ക് നൽകലും പ്രോത്സാഹനത്തിനും അംഗീകാരത്തിനുള്ള അവസരങ്ങളും ഒരുക്കുന്ന പ്രക്രിയയും ഈ പരിപാടിയുടെ സവിശേഷതയാണ്

## നവപ്രഭ

ഒമ്പതാം ക്ലാസിൽ പഠിക്കുന്ന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവിഷ്കരിച്ച പദ്ധതിയാണ് നവപ്രഭ. എല്ലാ വിഷയങ്ങൾക്കും കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. ഭൂരിഭാഗം കുട്ടികളും ഈ പദ്ധതിയിലൂടെ മികവിലേക്ക് കടന്നുവരുന്നുണ്ട്. ആത്മവിശ്വാസത്തോടെ മുന്നോട്ട് വരുവാനും സ്വന്തം കഴിവുകൾ പ്രകടിപ്പിക്കാനും അവർക്ക് സാധിക്കുന്നു. ഞങ്ങളുടെ സ്കൂളിലെ നവപ്രഭ പ്രോഗ്രാം വളരെ വിജയകരമായി മുന്നോട്ട് പോകുന്നു. കുട്ടികളിൽ ആത്മവിശ്വാസം വളർത്താൻ സാധിച്ചു എന്നതാണ് ഏറ്റവും വലിയ വിജയം. നോക്കിനിൽക്കുന്ന കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുന്ന തിനാൽ മടികൂടാതെ ക്ലാസ്സിൽ വരുന്നതിനും സ്വന്തമായി ക്ലാസ് പ്രവർത്തനങ്ങൾ ചെയ്യുന്നതിനും അവർക്ക് കഴിയുന്നുണ്ട്.

## മോണിംഗ് ഗ്ലാസ്

പത്താം ക്ലാസ്സിലെ കുട്ടികൾക്കായി രാവിലെ 8. 30 മുതൽ ക്ലാസ്സുകൾ നടത്തുന്നുണ്ട്.

ഈ സമയങ്ങളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കുന്നതിനും അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുന്നു.

ഈവനിംഗ് ക്ലാസ്

പത്താം ക്ലാസ്സിലെ കുട്ടികൾക്കായി വൈകുന്നേരം 3. 30 മുതൽ 4. 30 വരെ ക്ലാസുകൾ നടത്തുന്നു. ഈ സമയങ്ങളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കുന്നതിനും അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുന്നു

നൈറ്റ് ക്ലാസ്

വൈകുന്നേരം 4. 30 മുതൽ രാത്രി 8. 30 വരെ അധ്യാപകർ ക്ലാസെടുക്കുന്നു. ഈ സമയങ്ങളിൽ മുൻകാലങ്ങളിലെ ചോദ്യ പേപ്പറുകൾ വായിച്ച് മനസ്സിലാക്കി അവർക്ക് അതിന്റെ ഉത്തരം പറഞ്ഞുകൊടുക്കുകയും അവരെ കൊണ്ട് എഴുതി

പ്പിക്കുകയും ചെയ്യുന്നു. ആറ് മണിയാകുമ്പോൾ അവർക്ക് ഭക്ഷണം നൽകുന്നുണ്ട്.
ക്ലാസ്സ് വിജയകരമായി നടക്കുന്നുണ്ട്

# ചെറുകഥകൾ

## കാത്തിരിപ്പ്
രേഷ്മ 9A

സിയാച്ചിൻ താഴ്വരയുടെ തണുത്തുറഞ്ഞ അന്തരീക്ഷത്തിൽ നിന്നും തികച്ചും സുഖമേറുന്നതായിരുന്നു അവൻ ട്രെയിനിൽ ഇരുന്നു കണ്ടുകൊണ്ടിരുന്ന കാഴ്ചകളും അവനെ തട്ടി തലോടി കടന്നുപോയ്ക്കൊണ്ടിരുന്ന കാറ്റും തന്റെ ജന്മനാട്ടിൽ രണ്ടു വർഷത്തെ ഇടവേളയ്ക്കു ശേഷം വന്നിറങ്ങിയ ആ ഇന്ത്യൻ സൈനികന് ചെയ്തുതീർക്കാൻ ഒരുപാട് കാര്യങ്ങൾ ഉണ്ടായിരുന്നു. വീട്ടുകാരോടൊപ്പം വീട്ടിലേക്കുള്ള വഴിയിൽ അവൻ പല വിശേഷങ്ങളും തിരക്കി അറിഞ്ഞു. സാധാരണ അവധിക്ക് വരുമ്പോലെ ആയിരുന്നില്ല അവനു ഈ അവധി. അവന്റെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട ഒരു മുഹൂർത്തം ഈ അവധിയിൽ നടക്കാൻ പോകുന്നു. മറ്റൊന്നുമല്ല അവന്റെ വിവാഹം. ദിവസങ്ങൾ കൊഴിഞ്ഞു പോയി

അവന്റെ വിവാഹദിനം എത്തി. അങ്ങനെ അവൻ അവന്റെ ജീവിതപങ്കാളിയുടെ കഴുത്തിൽ താലി മാല അണിയിച്ചു. രണ്ടുമൂന്നു ദിവസം കഴിഞ്ഞു അവർ ഒരുമിച്ച് അവരുടെ ജീവിതയാത്രയിലെ വഴികളിൽ കൂടി കൈപിടിച്ച് ചുവടുകൾ വെച്ച് തുടങ്ങിയതേയുള്ളൂ.... അപ്പോഴേക്കുംആ മഞ്ഞു മലകളിൽ നിന്നുള്ള തണുത്ത കാറ്റ് അവനെ തേടി എത്തിക്കഴിഞ്ഞിരുന്നു. എന്തോ അത്യാവശ്യ കാരണത്തിൽ അവന്റെ അവധി വെട്ടിച്ചുരുക്കുകയും എത്രയും വേഗം തിരിച്ചു ചെല്ലണമെന്നു ഉള്ള അറിയിപ്പ് അവന്റെ പക്കൽ എത്തുകയും ചെയ്തു ഒരു സൈനികൻ എന്ന നിലയിൽ എന്തിനേക്കാളും വലുതായിരുന്നു അവനവന്റെ രാജ്യം. അങ്ങനെ തന്റെ പ്രിയ ഭാര്യയോട് കാത്തിരിക്കുവാൻ പറഞ്ഞിട്ട് അവൻ യാത്രതിരിച്ചു. ദിവസങ്ങൾ പിന്നേയും കടന്നു പോയി. അവൾ തന്റെ പ്രിയപ്പെട്ടവന് വേണ്ടി കാത്തിരുന്നു. അവളുടെ കാത്തിരിപ്പിന് വിരാമം നൽകിക്കൊണ്ട് അവളെ തേടിയെത്തിയത് ത്രിവർണ്ണ പതാകയിൽ പൊതിഞ്ഞ അവന്റെ ചലനമറ്റ തണുത്തുറഞ്ഞ ശരീരമായിരുന്നു. സ്വന്തം രാജ്യത്തിന്റെ സുരക്ഷയ്ക്കും നിലനിൽപ്പിനുവേണ്ടി വീര ജവാൻ തന്റെ ജീവൻ ബലി കൊടുത്തിരിക്കുന്നു. രാജ്യത്തിന് വേണ്ടി ജീവൻ ത്യജിച്ച എത്രയോ ജവാൻ മാരിൽ ഒരാളായി അവനും മാറിക്കഴിഞ്ഞിരിക്കുന്നു.

# സ്നേഹസൗഹൃദം

ജോസ്ന 9B

ഒരു മനോഹര ഗ്രാമം അവിടെ ഒരു കുഞ്ഞു വീട്ടിൽ
ഒരു അമ്മയും മകനും താമസിക്കുന്നുണ്ടായിരുന്നു. അവൻ വരും അവൻ ഒരു ഗവൺമെന്റ് സ്കൂളിലാണ് പഠിച്ചിരുന്നത് . അവന്റെ പേര് രാഹുൽ എന്നായിരുന്നു അവന്റെ കൂട്ടുകാരന്റെ പേരായിരുന്നു മനു. രാഹുൽ ഒരു വലിയ വീട്ടിലെ കുട്ടിയാണ് ഇവർ രണ്ടുപേരും നല്ല കൂട്ടുകാരായിരുന്നു. മനുവിന്റെ വീട്ടിൽ ആഹാരം വയ്ക്കാത്ത തുകൊണ്ട് അവൻ എല്ലാ ദിവസവും പട്ടിണി കിടക്കും എന്നിട്ട് കൂട്ടുകാരനോട് പറയും അവൻ ആഹാരം കഴിച്ചു എന്ന്. എന്നാൽ മനു കള്ളം ആണ് പറയുന്നത് എന്ന് രാഹുലിന് അറിയാം അതുകൊണ്ട് രാഹുൽ എന്നും വീട്ടിൽ നിന്ന് കൂട്ടുകാരനായ മനുവിനും കൂടി ചോറു കൊണ്ടു വരുമായിരുന്നു. അപ്പോഴാണ് സ്കൂളിൽ നിന്നും വിനോദയാത്രയ്ക്ക് പോകുവാൻ തീരുമാനിച്ചത്. രാഹുലിന്റെ ക്ലാസ്സിൽ നിന്നും എല്ലാവരും വിനോദയാത്രയ്ക്ക് പോകുന്നുണ്ട് മനു മാത്രം പോകുന്നില്ല. കാരണം

മനുവിന് അതിനുള്ള പൈസ ഇല്ലായിരുന്നു. രാഹുൽ അവന്റെ വീട്ടിൽ പറഞ്ഞു മനുവിനും കൂടി പൈസ വാങ്ങി കൊണ്ടുവന്നു. രണ്ടുപേരും വിനോദയാത്രയ്ക്ക് പോകുന്നതിനുള്ള സന്തോഷത്തിലായിരുന്നു. എന്നാൽ വിനോദയാത്രയ്ക്ക് പോകുന്നതിനും രണ്ടുദിവസം മുമ്പ് തന്നെ രാഹുൽ ഒരു പനി വന്നു അവൻ ആശുപത്രിയിലായി മനുവിനെ കാണാൻ ആശുപത്രിയിൽ പോയി രാഹുൽ മനുവിനോട് പറഞ്ഞു മനു നീ വിനോദയാത്രയ്ക്ക് പൊയ്ക്കോളൂ ഞാൻ വരുന്നില്ല. എന്നാൽ മനുവിന് വളരെ സങ്കടമായി കാരണം രാഹുൽ ഇല്ലാതെ അവൻ വിനോദയാത്രയ്ക്ക് പോകുന്നില്ലെന്നു തീരുമാനിച്ചു. അവൻ ആ ദിവസങ്ങളിൽ രാഹുലിനൊപ്പം ആശുപത്രിയിലായിരുന്നു. അവന്റെ അസുഖം മാറിയപ്പോൾ രാഹുൽ തന്റെ വീട്ടിൽ പറഞ്ഞു. രാഹുൽ മനുവിനെയും കൂട്ടി വീട്ടുകാരോടൊപ്പം പ്രത്യേകമായി വിനോദയാത്രയ്ക്ക് പോയി. സൗഹൃദമാണ് സ്നേഹത്തിന്റെ ഏറ്റവും വലിയ ഉദാഹരണം എന്ന് ഈ കഥ നമുക്ക് മനസിലാക്കി തന്നു

പിൻമൊഴി
ആരോമൽ 9B

ഒടുവിൽ നാം ഇവിടെയെത്തി അല്ലേ കഴിഞ്ഞത്
ഓർമ്മകളുടെ തീരത്ത് കൂടി ഒരു യാത്ര ആയിരുന്നല്ലോ
ഇണങ്ങിയും പിണങ്ങിയും തല്ലിയും തലോടിയും.....
ഇനി ഒരിക്കലും തിരികെ വരില്ല എന്നറിയുമ്പോൾ മാത്രം എത്ര വലുതായിരുന്നു
അതെന്ന്.......
തിരിച്ചറിവിന് വേദന നൽകുന്ന യാത്ര.
ഇവിടെ,
പൊട്ടിച്ചിരികളും കണ്ണീർക്കണങ്ങളും
മൗനത്തിൻ റെ ആഴത്തിൽ വിരിഞ്ഞ വർണ്ണങ്ങളും
ഒത്തുചേരലുകളും ഒഴിഞ്ഞുപോകും ഉണ്ടായിരുന്നു.....
നന്ദി.......... കൂടെ നടന്നതിന്.....
കൂട്ടായി കൂടെ നിന്നതിന്..

ഓർമ്മച്ചെപ്പ് ഒരു പാഥേയം ആകട്ടെ......
വാർദ്ധക്യത്തിലെ ഏകാന്തതയിൽ,
ബാല്യത്തിലെ ഊന്നുവടിയായി..... സാന്ത്വനം ആകട്ടെ ഈ മണ്ചിരാത്.
ഒരു പുഞ്ചിരി മതി...
ഞങ്ങൾ കൃതാർത്ഥരായ്.
നാളെ നിങ്ങളെ മരച്ചില്ല ഓർക്കും,
ഈ കിളി കൂട് തേടി തിരികെ പറക്കും....
അന്ന് ഒരിറ്റു നെൽ മണിയായി
ഈ അക്ഷരക്കൂട് നിങ്ങളെ കാത്തിരിക്കും........

# ചിത്രശാല

## പ്രവേശനോത്സവം





# ലഹരി ബോധവൽക്കരണം



# രക്തഗ്രൂപ്പ് നിർണയ ക്യാമ്പ്





# രക്ഷാകർത്തൃ ബോധവൽക്കരണം





# ബെസ്റ്റ് സ്കൂൾ അവാർഡ്



# ക്ലാസ് ലൈബ്രറി



# സ്കൂൾ അസംബ്ലി







# സ്കൂൾ ബസ്സുകൾ


SCHOOL BUS
PALLITHURA HIGHER SECONDARY SCHOOL


SCHOOL BUS
PALLITHURA HIGHER SECONDARY SCHO
ASHOK LEYLAND
KL 22 K 1780
KL 22
M 8914

# ഡിജിറ്റൽ പൂക്കളം 2019



# ഓണാഘോഷം








# വിനോദയാത്ര









# ക്രിസ്തുമസ് ആഘോഷം







# അദ്ധ്യാപക ദിനം





# സ്കൂൾ സ്റ്റാഫിന്റെ വിനോദയാത്ര





# ഫുട്ബോൾ വിജയ ജേതാക്കൾ







# ഹൈടെക് ക്ലാസ് റൂം





# 2018 - 2019 പത്താംക്ലാസ് 100% വിജയം



# നന്ദി